**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

## പത്രക്കുറിപ്പ്

**പി.ജി.മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം –2021 പ്രൊഫൈൽ പരിശോധിക്കുന്നതിനും അപേക്ഷയിലെഅപാകതകൾ പരിഹരിക്കുന്നതിനും ഉള്ള അവസരം**

2021 വർഷത്തെ പി.ജി മെഡിക്കൽ കോഴ്സിലേയ്ക്ക് പുതുതായി (നീറ്റ് പി.ജി യോഗ്യതാ മാനദണ്ഡം പുതുക്കിയത് പ്രകാരം 19.03.2022 രാവിലെ 10.00 മണിവരെ ഓൺലൈൻ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് പ്രൊഫൈൽ പരിശോധിക്കുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. **'PG Medical 2021 Candidate Portal'** എന്ന ലിങ്കിൽ അപേക്ഷാ നമ്പരും, പാസ് വേർഡും നൽകി ഹോം പേജിൽ പ്രവേശിച്ചതിനുശേഷം **'Memo Details'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് അപേക്ഷയിലെ ന്യൂനതകൾ (ഉണ്ടെങ്കിൽ) കാണാവുന്നതാണ്. അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം ഹോം പേജിലെ **'Memo Details'** ലിങ്കിലൂടെ ആവശ്യമായ രേഖകൾ /സർട്ടിഫിക്കറ്റുകൾ എന്നിവ **19.03.2022 മുതൽ 23.03.2022 ഉച്ചയ്ക്ക് 2.00 മണിവരെ** അപ് ലോഡ് ചെയ്യാവുന്നതാണ്. ന്യൂനതകൾ പരിഹരിക്കുന്നതിന് മറ്റൊരവസരം ഉണ്ടായിരിക്കുന്നതല്ല. കേരളീയനാണെന്ന് (നേറ്റിവിറ്റി) തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളിലെ ന്യൂനതകൾ പരിഹരിക്കാത്ത വിദ്യാർത്ഥികൾക്ക് യാതൊരുവിധ സംവരണങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** വെബ് സൈറ്റ് കാണുക.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
19/03/2022